ലോവർ ഡിവിഷൻ ക്ലാർക്കുമാരുടെ നിയമനങ്ങളിലെ ആസ്ഥാന ഒഴിവുകൾ

63 (3694) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ലോവർ ഡിവിഷൻ ക്ലാർക്കുമാരുടെ നിയമനങ്ങളിൽ ആസ്ഥാന ഒഴിവുകൾ എല്ലാ ജില്ലക്കാർക്കും വീതംവച്ച് നൽകുന്നതിൽ റവന്യൂ, പഞ്ചായത്ത് തുടങ്ങിയ വകുപ്പുകൾ കൃത്യത പാലിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വയനാട് ജില്ലയിൽ പി.എസ്.സി. മുഖേനയുള്ള നിയമനം

64 (3695) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയിൽ പി.എസ്.സി. മുഖേന എത്ര പേർക്ക് ഏതൊക്കെ തസ്തികകളിൽ നിയമനം നൽകിയിട്ടുണ്ട് എന്നുള്ളതിന്റെ വകുപ്പ് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

കേന്ദ്ര സംസ്ഥാന ജീവനക്കാർക്ക് ഭരണ സമിതിയിൽ ഭാരവാഹിത്വം

65 (3696) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ മതക്കാരുടെ ആരാധനാലയങ്ങളുടെ ഭരണ സമിതിയിൽ കേന്ദ്ര - സംസ്ഥാന ജീവനക്കാർക്ക് ഭാരവാഹിത്വം പാടില്ല എന്ന ഉത്തരവ് നിലവിലുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) മേൽപ്പറഞ്ഞ ആരാധനാലയങ്ങളിൽ കേന്ദ്ര - സംസ്ഥാന ജീവനക്കാർ ഭാരവാഹിത്വം വഹിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതിൻമേൽ നടപടി സ്വീകരിക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് : വിശദാംശങ്ങൾ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) 7-8-2014-ലെ G.O(P)27/14/P&ARD പ്രകാരം മത/സാമുദായിക സംഘടനകളുടെയോ അതുമായി ബന്ധപ്പെട്ട ട്രസ്റ്റ്, സൊസൈറ്റി എന്നിവയുടെയോ ഭാരവാഹിത്വം വഹിക്കുന്നതിൽനിന്നും കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ ബാധകമായ എല്ലാ സർക്കാർ ജീവനക്കാർക്കും ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.* ഇതിന് വിരുദ്ധമായി സർക്കാർ ജീവനക്കാർ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ നിലവിലുള്ള ശിക്ഷണ നടപടി ചട്ടങ്ങൾ പ്രകാരം ശിക്ഷണ നടപടി സ്വീകരിക്കുന്നതാണ്.

സംസ്ഥാന സർവ്വീസിലെ ഡ്രൈവർ തസ്തികയുടെ (ലൈറ്റ് മോട്ടോർ വാഹനം) അടിസ്ഥാന യോഗ്യത

66 (3697) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ സംസ്ഥാന സർവ്വീസിലെ ഡ്രൈവർ തസ്തികയുടെ (ലൈറ്റ് മോട്ടോർ വാഹനം) അടിസ്ഥാന യോഗ്യത എന്താണ് ;

(ബി) ഇത് ഉയർത്തുന്നതിന് ആലോചിക്കുന്നുണ്ടോ ;

(സി) ഇതിനായി ഏതെങ്കിലും ശിപാർശകൾ ലഭിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ അതിനായി എന്തെങ്കിലും തീരുമാനങ്ങളോ, നടപടികളോ എടുത്തിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഇ) അടുത്ത ശമ്പള പരിഷ്കരണത്തോടുകൂടി യോഗ്യത ഉയർത്തി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോ ?

ഉത്തരം

(എ) വിവിധ വകുപ്പുകളിലെ ഡ്രൈവർ തസ്തികയുടെ (ലൈറ്റ് മോട്ടോർ വാഹനം) അടിസ്ഥാന യോഗ്യതകൾ സ്പെഷ്യൽ റൂൾ പ്രകാരം താഴെ പറയും വിധമാണ് :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly